(ബി) താഴെപ്പറയുന്ന ഒൻപത് നദികളുടെ സംരക്ഷണം സർക്കാർ ഏറ്റെടുത്തിട്ടുണ്ട് :

1. ഭാരതപ്പുഴ
2. പെരിയാർ
3. ചാലിയാർ
4. പമ്പ
5. കല്ലട
6. വാമനപുരം
7. ചന്ദ്രഗിരി
8. കരമന
9. മീനച്ചിൽ

(സി) 5.1.1998-ലെ 66221/പി1/98/റവന്യൂ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഏറ്റെടുത്ത ഒൻപത് നദികളിലെ മണലെടുക്കുന്നത് സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലർ പ്രകാരം മണലെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുനൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാകളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്നും അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയുമുണ്ടായി. ജില്ലാകളക്ടർ നിയമിക്കുന്ന വിദഗ്ധ സമിതിയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടവുകളും വാരാവുന്ന മണലിന്റെ അളവും വിലയും നിശ്ചയിക്കുന്നത്. ഈ സർക്കുലറിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് മാത്രമേ മണൽവാരൽ അനുവദിക്കുകയുള്ളൂ എന്ന് ഹൈക്കോടതിയിൽ ഉറപ്പു നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) കർശന നിർദ്ദേശങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

13 (*320) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പരിപാടികളെന്തെല്ലാമാണ്;

(ബി) കലയേയും കലാകാരൻമാരേയും പ്രോത്സാഹിപ്പിക്കുവാൻ ജനകീയാസൂത്രണത്തിൻകീഴിൽ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജനകീയാസൂത്രണത്തിനുള്ള തുകയിൽ ഒരു നിശ്ചിത ശത മാനം കലയുടേയും കലാകാരൻമാരുടേയും പരിപോഷണത്തിനുവേണ്ടി നീക്കിവയ്ക്കാൻ നടപടികളെടുക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തന ങ്ങൾക്കായി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ഉൽപാദന, സേവന, പശ്ചാത്തല മേഖ ലകളിലായി അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണ മുള്ള പദ്ധതികൾ അവയ്ക്കുതന്നെ തയ്യാറാക്കാവുന്നതാണ്.

(ബി) ഇക്കാര്യത്തിനായി സർക്കാർ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

LIBRARY ARCHIVES Kerala Legislative Assembly

14 (*321) ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പി ലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര ഖാദി കമ്മീഷന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പി ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി രൂപീകരിച്ച ഫെഡറേഷനുക ളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം ഗ്രാമവ്യവസായങ്ങൾക്കാണ് ഇപ്പോൾ ഫെഡറേ ഷൻ രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) തീപ്പെട്ടി, സോപ്പ്, തേനീച്ചവളർത്തൽ എന്നീ വ്യവസായ ങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രധാനമായി മൂന്ന് പദ്ധതികൾ ഖാദിഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. അവ താഴെപ്പറയുന്നവയാണ്.

(1) ഖാദി കമ്മിഷന്റെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി.